(11) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ശോച്യാവസ്ഥ

<u>ശ്രീ. പാലോട് രവി</u> : സർ, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വിസ്തൃതിയുള്ളതും ഏറ്റവും ജനസംഖ്യ കൂടിയതുമായ ഒരു താലൂക്കാണ് നെടുമങ്ങാട് താലൂക്ക്. ആ താലൂക്കിലുള്ള മുഴുവൻ ജനങ്ങളും ഞങ്ങൾ എന്ത് തെറ്റുചെയ്തുവെന്ന് മാറിമാറി വരുന്ന ഗവൺമെന്റുകളെ നോക്കി ചോദിക്കുകയാണ്. ഇപ്പോൾ ബഹു. മന്ത്രി നീലനോടാണ് ഞങ്ങൾ എന്ത് തെറ്റുചെയ്തുവെന്ന് ചോദിക്കുന്നത്. ഇത്രയും വലിയ നെടുമങ്ങാട് താലൂക്കിൽ ഒറ്റ ഡിപ്പോയാണുള്ളത്. നെയ്യാറ്റിൻകര താലൂക്കിൽ പാപ്പനംകോട്, പൂവാർ, പാറശ്ശാല, നെയ്യാറ്റിൻകര, വെള്ളറട എന്നിങ്ങനെ ഡിപ്പോകളുണ്ട്. ഏറ്റവും വലിയ ഈ താലൂക്കിൽ ഒറ്റ ഡിപ്പോയാണ്. ഞങ്ങൾക്ക് അവിടെ പ്രൈവറ്റ് ബസ്സ് ഇല്ല. ഞങ്ങൾക്ക് അവിടെ തീവണ്ടിയില്ല. ഇന്റർസ്റ്റേറ്റ് സർവ്വീസുകളൊന്നും ഇല്ല. 200 ഷെഡ്യൂളുകൾ വേണ്ടുന്ന നെടുമങ്ങാട് താലൂക്കിലെ ഏക ഡിപ്പോയിൽ 94 ഷെഡ്യൂളുകൾ നിങ്ങൾ അനുവദിച്ചുതന്നു. ഈ 94 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ തന്നിരിക്കുന്ന ബസ്സുകൾ 60 എണ്ണമാണ്. 60 എണ്ണത്തിൽ 29 ഡ്രൈവർമാരില്ല. അതുപോലെതന്നെ കണ്ടക്ടർമാർ ഇല്ല. വണ്ടിക്ക് സ്പെയർ പാർട്ടുകൾ ഇല്ല. എത്രയോ വണ്ടികൾ കയറ്റിനിറുത്തിയിരിക്കുന്നു. പുതിയ വണ്ടികളൊന്നും ആ താലൂക്കിൽ ഇല്ല. മറ്റു ചില ഡിപ്പോകളുടെ പുനരുദ്ധാരണത്തിനുവേണ്ടി അങ്ങ് മീറ്റിംഗ് വിളിക്കുമെന്ന് പറയുന്നു. ലോകത്തെവിടെയെങ്കിലും ഒരു ഡിപ്പോയുടെ പുനരുദ്ധാരണത്തിനുവേണ്ടി അങ്ങ് യാഥാർത്ഥ്യബോധത്തോടുകൂടി മീറ്റിംഗ് വിളിക്കുമെങ്കിൽ നെടുമങ്ങാട് ഡിപ്പോയെ സംബന്ധിച്ച് വിളിക്കണം. ആ ഡിപ്പോയുടെ സ്ഥിതി അറിയാമോ? സ്ഥലസൗകര്യമില്ലാത്തതിന്റെ പേരിൽ ആ ഡിപ്പോയ്ക്കകത്ത് പ്രസിദ്ധരായ അഡ്വക്കേറ്റ് രാമചന്ദ്രൻ നായർ ഉൾപ്പെടെ അഞ്ചുപേർ ബസ്സു കയറി ചതഞ്ഞരഞ്ഞ് മരിച്ചു. നിന്നുതിരിയാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഈ കേരളത്തിലെ ഏറ്റവും പ്രസിദ്ധനായ അഡ്വക്കേറ്റ് രാമചന്ദ്രൻ നായർ ഉൾപ്പെടെ അഞ്ചു പേർ ചതഞ്ഞരഞ്ഞു മരിച്ചു. കഴിഞ്ഞയാഴ്ച അങ്ങയുടെ ട്രാൻസ്പോർട്ട് ഡിപ്പോയിലെ ഒരു ഉദ്യോഗസ്ഥനും ചതഞ്ഞരഞ്ഞ് മരിച്ചു. അതുപോലെതന്നെ ഈ ജില്ലാ അതിർത്തിയുമായി ബന്ധപ്പെട്ടുകിടക്കുന്ന ഒരു ഡിപ്പോയെന്നുള്ള നിലയ്ക്ക് അവിടെനിന്ന് തെങ്കാശിക്കും കന്യാകുമാരിയിലേയ്ക്കും ഉണ്ടായിരുന്ന ദീർഘദൂര സർവ്വീസ്, ഇന്റർസ്റ്റേറ്റ് ബസ്സ് അങ്ങല്ലേ നിറുത്തലാക്കിയത്? പല ദീർഘദൂര സർവ്വീസുകളും നിറുത്തലാക്കി. ഈ ജില്ലയിൽ ആദ്യം തുടങ്ങിയ ഒരു ഡിപ്പോയെന്നുള്ള നിലയ്ക്ക് ഇത്രയേറെ അസൗകര്യങ്ങൾ ഉള്ള ഞങ്ങൾക്ക് എന്തെങ്കിലും സൗകര്യമുണ്ടാക്കിത്തരണം. ഇവിടെ പത്രങ്ങൾ സർവ്വേ നടത്തിയപ്പോൾ തിരുവനന്തപുരം സിറ്റിയിൽ മുഴുവൻ സൗകര്യങ്ങളുണ്ടാക്കിക്കൊടുത്തില്ലേ? ഈ മലയോരത്ത് കിടക്കുന്ന ആദിവാസികളും തോട്ടംതൊഴിലാളികളും പാവപ്പെട്ടവരും എന്തു ചെയ്യും സർ? അങ്ങ് ഉദ്യോഗസ്ഥന്മാർ തരുന്ന കണക്ക് പറയരുത്. അങ്ങ് അടിയന്തിരമായി ഡിപ്പോ സന്ദർശിക്കണം. അങ്ങ് അവിടെ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടണം. ഒറ്റ ബസ്സു പോലും ഇത്ര ദിവസമായിട്ട് ആ ഡിപ്പോക്ക് തന്നിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി അവിടം സന്ദർശിച്ച് ഒരു യോഗം വിളിച്ചുകൂട്ടി കുറഞ്ഞത് 25 ബസ്സ് തരാനുള്ള നടപടിയുണ്ടാകണം. അവിടെ ചില ഭാഗങ്ങളിലൂടെ സിറ്റി ബസ്സ് പോകുന്നുണ്ട്. ഈ സിറ്റി ബസ്സുകൾ അത്യാവശ്യമാണ്. ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ അത്

LIBRARY ARCHIVES Kerala Legislative Assembly

നീട്ടികൊടുത്തും ഒരു സത്വര പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുക യാണ്.

മി. സ്പീക്കർ : ഇത് ഒരു നിയോജകമണ്ഡലത്തിന്റെ കാര്യം മാത്രമല്ല.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ തന്നെ ഒരു പ്രത്യേക സന്ദർശനമില്ലാതെ നെടുമങ്ങാട് ഡിപ്പോയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും എനിക്കറിയാം.

മി. സ്പീക്കർ : അവിടെ ഇടയ്ക്കിടെ സന്ദർശിക്കുന്നയാളാണ് അദ്ദേഹം.

ശ്രീ. ജി. കാർത്തികേയൻ : സർ, അത് വളരെ നാളുകൾക്കു മുമ്പാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, ഈ അടുത്ത കാലം വരെ, മന്ത്രിയാകുന്നതിനു മുമ്പുവരെ, അവിടെനിന്ന് ബസ്സുകയറി കൂടുതൽ യാത്ര ചെയ്ത് വന്നിട്ടുള്ള ആളാണ് ഞാൻ. ഇതു കഴിഞ്ഞാൽ അങ്ങനെ വീണ്ടും യാത്ര ചെയ്യേണ്ട ആളുമാണ്. ആരും ഇവിടെ സ്ഥിരം ഇരിക്കുന്നില്ലല്ലോ. ഇരിക്കാനും പാടില്ലല്ലോ.

സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞപ്പോൾ പാപ്പനംകോട് ഡിപ്പോ നെയ്യാറ്റിൻകര താലൂക്കിലാണെന്നു പറഞ്ഞു. അത് ശരിയല്ല. അത് തിരുവന ന്തപുരം താലൂക്കിലാണ്. നെടുമങ്ങാട്, പാലോട് എന്നിങ്ങനെ രണ്ട് ഡിപ്പോ കൾ ഇപ്പോൾ നെടുമങ്ങാട് താലൂക്കിലുണ്ട്. കാട്ടാക്കട ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകളിൽ നല്ലൊരു പങ്ക് നെടുമങ്ങാട് താലൂക്ക് പ്രദേശ ത്താണ് ഓപ്പറേറ്റ് ചെയ്യുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, തിരുവനന്ത പുരം പേരൂർക്കട ഡിപ്പോയിൽ നിന്നും തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന കുറെ ബസ്സുകളും നെടുമങ്ങാട് താലൂക്കിൽ ടച്ച് ചെയ്യുന്നുണ്ട്. എങ്കിലും പ്രശ്നങ്ങളുണ്ട്. അത് പരിപൂർണ്ണമായി ഒരു ദേശ സാൽകൃത മേഖലയാണ്. ആ ദേശസാൽകൃത മേഖലയിൽ പുതിയ പുതിയ റോഡുകളും മറ്റും ഉണ്ടാകുന്നതിനനുസരിച്ച് ജനങ്ങളുടെ ആവശ്യങ്ങൾ വർദ്ധിച്ചുവരികയാണ്. ആ ആവശ്യങ്ങൾക്ക് അനുസൃതമായി വേണ്ടത്ര വണ്ടി കൾ ഓടിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് സത്യം.

സർ, ഡിപ്പോയുടെ സ്ഥലസൗകര്യ പരിമിതിയെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ കുറെ കാലമായി കെ.എസ്.ആർ.ടി.സിയും ഗവൺമെന്റും സ്വീകരിച്ചി രിക്കുന്ന നയസമീപനമനുസരിച്ച് ഡിപ്പോകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാ നുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ ചെയ്യേണ്ടത് ആ പ്രദേശത്തെ ജനപ്ര തിനിധികളും ആ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തന്നെ യാണ്. അതുപോലെതന്നെ തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകളെയൊക്കെ കൂട്ടി യിണക്കി ഡിപ്പോയ്ക്ക് സ്ഥലസൗകര്യക്കുറവുണ്ടെങ്കിൽ ആ സൗകര്യം വർദ്ധി പ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പല കാര്യങ്ങളിലും വളരെ ചലനാത്മകമായ നേതൃത്വം നൽകുന്ന എന്റെ സുഹൃത്ത് ശ്രീ. പാലോട് രവിയും ശ്രദ്ധിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. യാത്രാക്ലേശം ഒരു പരിധിവരെയെ ങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് നെടുമങ്ങാട് ഡിപ്പോയിൽ 94 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുള്ളത്. ഇത്രയും സർവ്വീസുകൾ കൃത്യമായി നടത്തുന്നതിന് 105 ബസ്സുകൾ ആവശ്യമാണ്. എന്നാൽ 88 ബസ്സുകൾ മാത്രമേ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽതന്നെ കുറച്ചു ബസ്സുകൾ ഇടയ്ക്കിടയ്ക്ക് അറ്റകുറ്റപ്പണികൾക്കായി ഷെഡ്ഡിൽ കയറ്റേണ്ടിവരും. ഇത് സർവ്വീസ് നടത്തി

LIBRARY ARCHIVES Kerala Legislative Assembly

പ്പിനെ ബാധിക്കുന്നുണ്ട്. ജീവനക്കാരുടെ കുറവും അനുഭവപ്പെടുന്നുണ്ട്. തന്മൂലം സർവ്വീസുകൾ റദ്ദാക്കാൻ കെ.എസ്.ആർ.ടി.സി നിർബന്ധിതമാകുന്നു. വരുമാനം തീരെ കുറവായ സർവ്വീസുകൾ മാത്രമാണ് ഇത്തരത്തിൽ കൂടുതലായും ക്യാൻസൽ ചെയ്യപ്പെടുന്നത്. ആവശ്യത്തിന് സ്പെയർ പാർട്ടുകൾ നെടുമങ്ങാട്ട് എത്തിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇപ്പോൾ അവിടെ 21 ഡ്രൈവർമാരുടെയും 29 കണ്ടക്ടർമാരുടെയും 7 മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെയും കുറവുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഡ്രൈവർമാരെയും മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും അടിയന്തിരമായി ലഭ്യമാക്കാൻ യൂണിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുറവുള്ള കണ്ടക്ടർമാരെ സ്ഥലം മാറ്റത്തിലൂടെ നിയമിക്കുന്നതാണ്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് നെടുമങ്ങാട് യൂണിറ്റിൽ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്കുമാത്രമേ അതിന് കഴിയുകയുള്ളൂ. ബസ്സുകളുടെയും ജീവനക്കാരുടെയും സ്ഥിതി മെച്ചമാക്കുന്നതോടെ വിദ്യാർത്ഥികൾക്കുള്ള സർവ്വീസ് ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കുന്നതാണ്. പുതിയ മോട്ടോർ വാഹന ഭേദഗതിയനുസരിച്ച് നഗരപരിധിയിൽ നിന്നും അഞ്ച് കിലോമീറ്ററിലധികം സിറ്റി സർവ്വീസുകൾ നീട്ടാൻ കഴിയുകയില്ല. മാത്രമല്ല സിറ്റി സർവ്വീസുകൾ കൂടുതൽ ദൂരത്തേയ്ക്ക് നീട്ടുന്നത് നഗരപരിധിയിലെ സർവ്വീസുകളുടെ ലഭ്യതയെ സാരമായി ബാധിക്കുകയും ചെയ്യും. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ കൂടുതൽ ഷെഡ്യൂളുകൾ ആരംഭിക്കാൻ കഴിയുകയില്ല. നെടുമങ്ങാട് ബസ് സ്റ്റേഷന് സ്ഥലപരിമിതിയുണ്ട്. സ്റ്റേഷൻ മാസ്റ്റർ ഓഫീസിനു തൊട്ടടുത്തുള്ള ഭാഗം വെയിറ്റിംഗ് ഷെഡ്ഡായിട്ടാണ് ഉപയോഗിച്ചുവരുന്നത്. നെടുമങ്ങാട് യൂണിറ്റിലെ ജീവനക്കാരുടെയും യൂണിയനുകളുടെയും നിരന്തരമായ ആവശ്യത്തിന്റെ ഫലമായാണ് അവിടെ ഒരു ക്യാന്റീൻ അനുവദിച്ചത്. സ്ഥലപരിമിതിമൂലം പഴയ വെയിറ്റിംഗ് ഷെഡ്ഡിന്റെ ഒരു ഭാഗം ക്യാന്റീനായി പ്രവർത്തിച്ചുവരികയാണ്. ഈ വെയിറ്റിംഗ് ഷെഡ്ഡിന്റെ ഭാഗത്തുനിന്ന് ഇപ്പോൾ വാഹനങ്ങൾ പുറപ്പെടുന്നില്ല. അതുകൊണ്ട് ഈ വെയിറ്റിംഗ് ഷെഡ് വളരെ അപൂർവ്വമായി മാത്രമേ യാത്രക്കാർ ഉപയോഗിക്കാറുള്ളൂ. പരിമിതമായ സ്ഥലത്ത് ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും നെടുമങ്ങാട് ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ട്. ഈ നെടുമങ്ങാട് ഡിപ്പോയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉൾപ്പെടെ നെടുമങ്ങാട് താലൂക്കിലെ യാത്രാക്ലേശം ബഹുമാനപ്പെട്ട അംഗവുമായും ആ പ്രദേശത്തെ മറ്റു നിയമസഭാസാമാജികരുമായും മറ്റു ജനപ്രതിനിധികളുമായും കഴിയുന്ത്ര പെട്ടെന്ന് ഒരു തീയതി നിശ്ചയിച്ച് ചർച്ച ചെയ്യുന്നതാണ്.

(12) പ്രിയദർശിനി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘത്തിന്റെ ശോച്യാവസ്ഥ

<u>ശ്രീമതി രാധാ രാഘവൻ</u> : സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ സഹായിക്കുന്നതിനും ഈ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി 1982 മുതൽ 87 വരെയുള്ള കാലഘട്ടത്തിൽ അന്നത്തെ ഐക്യജനാധിപത്യമുന്നണി സർക്കാർ രൂപം കൊടുത്ത ഒരു പദ്ധതിയായിരുന്നു പ്രിയദർശിനി ട്രാൻസ്പോർട്ടിംഗ് വ്യവസായ സഹകരണ സംഘം. അതുപ്രകാരം കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിലും ഇത്തരം സംഘങ്ങൾ സ്ഥാപിച്ച് മോട്ടോർ ട്രാൻസ്പോർട്ടിംഗ് സഹകരണസ്ഥാപനങ്ങളുണ്ടാക്കി. ഈ സംഘ

LIBRARY ARCHIVES Kerala Legislative Assembly